(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പരിശീലനം നൽകിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. ബി.എഡ് കഴിഞ്ഞവർക്ക് ഇൻഫർമേഷൻ ടെക്നോളജി ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന കോഴ്സ്വഴി 40 പേർക്ക് പരിശീലനം നൽകി.
2. നഴ്സിംഗ് കഴിഞ്ഞവർക്ക് IELTS ഉൾപ്പെടെയുള്ള പരിശീലനം-23 പേർക്ക് നൽകി.
3. ഡിഗ്രി കഴിഞ്ഞവർക്ക് ഓഫീസ് അസിസ്റ്റന്റ് ആകുന്നതിനുള്ള പരിശീലനം-65 പേർക്ക് നൽകി.
4. ഡിഗ്രി കഴിഞ്ഞവർക്ക് കസ്റ്റമർകെയർ എക്സിക്യൂട്ടീവ് പരിശീലനം-29 പേർക്ക് നൽകി.

(ഡി) റീച്ചിന്റെ പ്രവർത്തനം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ ഒരു ഫിനിഷിംഗ് സ്കൂൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരണം

47 (496) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) ഫിസിയോതെറാപ്പിയെ പ്രത്യേകവിഭാഗമായി പരിഗണിച്ച് അതിന് മാത്രമായി സ്കൂൾ ഓഫ് ഫിസിയോതെറാപ്പി സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഫിസിയോതെറാപ്പി കൗൺസിലുകൾ നിലവിലുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മെഡിക്കൽ യൂണിവേഴ്സിറ്റി നിയമത്തിൽ ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുന്നതിനാവശ്യമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫിസിയോതെറാപ്പി കൗൺസിൽ രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. ഫിസിയോതെറാപ്പിസ്റ്റുകൾക്ക് രജിസ്റ്റർ ചെയ്യുവാൻ ന്യൂഡൽഹി ആസ്ഥാനമായി റീഹാബിലിറ്റേഷൻ കൗൺസിൽ ഉണ്ട്.

(ബി) ഫിസിയോതെറാപ്പി ഒരു പ്രത്യേക വിഭാഗമല്ല. സമഗ്ര പുനരധിവാസ പ്രക്രിയയുടെ അവിഭാജ്യ ഘടകം മാത്രമാണ്. അതിനാൽ പ്രത്യേക കൗൺസിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇന്ത്യൻ റീഫാബിലിറ്റേഷൻ കൗൺസിൽ അല്ലാതെ സംസ്ഥാന തലത്തിൽ മറ്റു കൗൺസിലുകൾ ഉള്ളതായി അറിവില്ല.

(ഡി) മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ കൂട്ടത്തിൽ മെഡിക്കൽ യൂണിവേഴ്സിറ്റി നിയമത്തിൽ ഫിസിയോതെറാപ്പി വിഭാഗത്തെയും പരിഗണിക്കാവുന്നതാണ്.

ആരോഗ്യ സർവകലാശാലയിലെ അഡ്മിഷൻ നടപടികൾ

48 (497) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ ഏതെല്ലാം ;

(ബി) ആരോഗ്യ സർവ്വകലാശാലയിലും അതിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലും അടുത്ത അദ്ധ്യയനവർഷം മുതൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ;

(സി) ഇതിലേക്ക് പ്രവേശനം നടത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(ഡി) ആരോഗ്യ സർവ്വകലാശാലയിലും അതിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലും അടുത്ത അദ്ധ്യയനവർഷം മുതൽ നടത്തുന്ന കോഴ്സുകൾക്കായുള്ള പ്രവേശനത്തിനുള്ള അപേക്ഷ എന്നുമുതൽക്കാണ് സ്വീകരിക്കുന്നത് ;

(ഇ) ഇതിലേക്ക് പ്രവേശന പരീക്ഷ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നാണ് ;

(എഫ്) പ്രവേശനത്തിന് പിന്നോക്ക സമുദായക്കാർക്കും എസ്.സി./എസ്.ടി. വിഭാഗക്കാരായ കുട്ടികൾക്കും സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ജി) ഈ അദ്ധ്യയനവർഷത്തെ വിവിധ കോഴ്സുകൾക്കുള്ള പ്രവേശനം എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി-ഇ) ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ മെഡിക്കൽ, ദന്തൽ, ആയുർവേദം, സിദ്ധ, ഹോമിയോപ്പതി, നഴ്സിംഗ്, മറ്റ് പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയാണ് നടത്തിവരുന്നത്. ഈ കോഴ്സുകളിലേയ്ക്ക് സർക്കാർ സ്ഥാപനങ്ങളിൽ പൊതുപ്രവേശന പരീക്ഷയിലൂടെയും സർക്കാരുമായി കരാർ ഒപ്പുവച്ചിട്ടുള്ള സ്ഥാപനങ്ങളിൽ 50% മെരിറ്റ് സീറ്റുകളിലേക്ക് പൊതു പ്രവേശന പരീക്ഷയിലൂടെയും മറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly